# ജൈവവൈവിധ്യത്തിലെ അകകാഴ്ചകൾ

## രോഗപ്രതിരോധ നിര സജ്ജമാക്കാൻ
## വന്യഔഷധസസ്യങ്ങൾ

# Insight into Biodiversity

## Immuno Boosting Wild Medicinal Plants



കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

Kerala State Biodiversity Board

**ജൈവവൈവിധ്യത്തിലെ അകകാഴ്ചകൾ**
**രോഗപ്രതിരോധ നിര സജ്ജമാക്കാൻ**
**വന്യഔഷധസസ്യങ്ങൾ**

**Insight into Biodiversity**
**Immuno boosting**
**Wild Medicinal Plants**

**ആശയം – നിർദ്ദേശങ്ങൾ**
ചെയർമാൻ

**Concept and guidance**
Chairman

**രചന – ഗവേഷണം**
ഡോ. എസ്. രാജശേഖരൻ
സീനിയർ പ്രോജക്ട് കൺസൽട്ടന്റ്

**Script - Research**
Dr. S. Rajasekharan
Senior Project Consultant

**എഡിറ്റോറിയൽ ബോർഡ്**
ഡോ. കെ. സതീഷ്കുമാർ,
ശ്രീ. കെ.വി. ഗോവിന്ദൻ,
ഡോ. റ്റി.എസ്. സ്വപ്ന,
ഡോ. കെ.റ്റി. ചന്ദ്രമോഹനൻ,

**Editorial Board**
Dr. K. Satheesh Kumar
Sri. K.V. Govindan
Dr. T.S. Swapna
Dr. K.T. Chandramohanan

**കവർചിത്രം**
കരിമഞ്ഞൾ

**Cover Picture**
*Zingiber nimmonii* (J.Graham) Dalzell

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
കൈലാസം, റ്റി.സി. 4/1679-(1), നം. 43,
ബെൽഹെവൻ ഗാർഡൻസ്,
കവടിയാർ പി.ഒ., തിരുവനന്തപുരം 695 003
ഇ-മെയിൽ – keralabiodiversity@gmail.com
വെബ്സൈറ്റ് – www.keralabiodiversity.org
ഫോൺ : 0471 – 2554740
കേരള ജൈവവൈവിധ്യ മ്യൂസിയം : 0471-2504750

**Kerala State Biodiversity Board**
Kailasam, T.C.4/1679 (1), No. 43,
Belhaven Gardens,
Kowdiar P.O., Thiruvananthapuram – 695 003.
Email– keralabiodiversity@gmail.com
Website – www.keralabiodiversity.org
Ph :- 0471 – 2554740
Kerala Biodiversity Museum : 0471-2504750

**ISBN NO: 978-81-934231-6-5**




**പിണറായി വിജയൻ**
മുഖ്യമന്ത്രി


കേരള സർക്കാർ


സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001


നം.519(2)/പ്രസ്/സി.എം.ഒ/2020.

സെപ്തംബർ 14, 2020.

## സന്ദേശം

ജൈവവൈവിധ്യത്തിന്റെ അക കാഴ്ചകൾ (Insight into Biodiversity) എന്ന പരമ്പരയിൽ കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ് പുറത്തിറക്കുന്ന രണ്ടാമത്തെ ലഘുപുസ്തകമാണ് "രോഗപ്രതിരോധനിര സജ്ജമാക്കാൻ വന്യൗഷധ സസ്യങ്ങൾ" (Immune boosting Wild Medicinal Plants).

ജൈവവൈവിധ്യത്തിന്റെ സുപ്രധാന കണ്ണിയായ വന്യൗഷധ സസ്യങ്ങൾ രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിൽ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ അടക്കമുള്ള പല രോഗങ്ങൾക്കും ഇവ അനുഗുണമാണെന്ന നാട്ടറിവുകളും പ്രചാരത്തിലുണ്ട്. ഇത്തരത്തിൽ ഔഷധഗുണമുള്ളതും അധികം അറിയപ്പെടാത്തതുമായ 11 വന്യൗഷധ സസ്യങ്ങളെയാണ് സംസ്ഥാന ജൈവവൈവിധ്യബോർഡ് ഈ പുസ്തകത്തിലൂടെ പരിചയപ്പെടുത്തുന്നത്.

പൊതുജനാരോഗ്യ രംഗത്തിന് ഈ പുസ്തകം മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ


ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in

**ചിത്രങ്ങൾ– കടപ്പാട്**
സുരേഷ് ഇളമൺ,
ഡോ. മാത്യൂഡാൻ (ജെ.എൻ.ടി.ബി.ജി.ആർ.ഐ)
ഡോ. എം. നവാസ് (ജെ.എൻ.ടി.ബി.ജി.ആർ.ഐ)
കെ.പി പ്രദീപ്കുമാർ,
കിരൺ(ജെ.എൻ.ടി.ബി.ജി.ആർ.ഐ)
ഡോ. എസ്. രാജശേഖരൻ (കെ.എസ്.ബി.ബി)

**രൂപരേഖയും– രൂപകൽപ്പനയും**
ശ്രീ. കെ.പി.പ്രവീൺ
ഗ്രാഫിക് ഡിസൈനർ

**പ്രസിദ്ധീകരണം**
@ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**Photo Credit**
Suresh Elomon,
Dr. Mathew Dan (JNTBGRI),
Dr. M. Navas (JNTBGRI),
K.P Pradeepkumar,
Kiran (JNTBGRI)
Dr. S. Rajasekharan (KSBB)

**layout and Design**
Sri. K.P.Praveen
Graphic Designer

**Published By**
@ Kerala State Biodiversity Board

## ആമുഖം

കോവിഡ് 19 എന്ന മഹാമാരിയുടെ ആഗോളവ്യാപനം മാനവരാശിയെ അതിദുർഘടമായ പ്രതിസന്ധിഘട്ടത്തിൽ എത്തിച്ചിരിക്കുകയാണ്. ഈ വൈതരണിയിൽ നിന്ന് കരകയറാനുള്ള മാർഗ്ഗമന്വേഷിച്ച് തലങ്ങുംവിലങ്ങും ചിന്തിച്ച് കർമ്മനിരതരായി ഭരണാധികാരികളും, ആസൂത്രണ വിദഗ്ദരും, ആരോഗ്യ വിദഗ്ദരും, ശാസ്ത്ര ലോകവും മുന്നോട്ടുപോകുകയാണ്. വാക്സിനോ, ഔഷധമോ, അതിശീഘ്രം കണ്ടെത്താനുള്ള പണിപ്പുരയിലാണ്. ഈ പ്രക്രിയയിൽ ജൈവവൈവിധ്യത്തിന് പ്രത്യേകിച്ചും ഔഷധ സസ്യ വൈവിധ്യത്തിന് ഏറെ പ്രസക്തിയുണ്ട്. കോവിഡ് – 19 പോലുള്ള പകർച്ചവ്യാധികൾക്ക് മറുമരുന്ന് നമ്മുടെ വന്യ ഔഷധസസ്യങ്ങളിൽ തന്നെയുണ്ട്. പ്രകൃതിയിലുണ്ടാകുന്ന വിപത്തുകൾക്ക് പ്രകൃതിയിൽ തന്നെ പരിഹാരവുമുണ്ട്. അത് കണ്ടെത്തേതുമാത്രമേ ഉള്ളൂ. ഈ സന്ദേശത്തിന്റെ പ്രാധാന്യമുൾകൊണ്ട് ഗവേഷണപ്രക്രിയകൾക്ക് പുതിയ മാനം തേടി പോകേണ്ടിയിരിക്കുന്നു. അതിനായി ഔഷധസസ്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഒട്ടേറേ നാട്ടറിവുകൾ നമുക്ക് വഴികാട്ടികളായി നിൽക്കുന്നു. അത്തരം അറിവുകൾ, അറിവുടമകളുടെ അനുമതിയോടെ കൂടുതൽ ശാസ്ത്ര പഠന നിരീക്ഷണങ്ങൾ നടത്തി രോഗശമനത്തിനും, രോഗപ്രതിരോധത്തിനും പറ്റിയ നൂതന ഔഷധങ്ങൾ കണ്ടെത്താനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്. ഈ സംരംഭത്തിൽ ബോധവത്ക്കരണം നൽകാൻ ഏതാനും ചില ഔഷധസസ്യങ്ങളെ പരിചയെപ്പെടുത്തുകയാണ്.

**ചെയർമാൻ**

# രോഗപ്രതിരോധനിര സജ്ജമാക്കാൻ വന്യഔഷധ സസ്യങ്ങൾ
## (Immuno boosting wild medicinal plants)

- ജൈവവൈവിധ്യത്തിലെ സുപ്രധാന കണ്ണിയാണ് ഔഷധ സസ്യങ്ങൾ.
- ആഗോളതലത്തിൽ 35,000 മുതൽ 70,000 വരെ ഔഷധ സസ്യങ്ങളുടെ ഉപയോഗം വിഭിന്ന രാജ്യങ്ങളിലെ തനത് ചികിത്സ സമ്പ്രദായങ്ങളിൽ (Traditional/Tribal/Folk medicine) കാണാം.
- ഔഷധ സസ്യങ്ങൾ ചേരുവകളായുള്ള 30,000–ന് മുകളിൽ ഔഷധോല്പ്പന്നങ്ങൾ വിപണിയിലുണ്ട്.
- കേരളത്തിൽ 1170–ഓളം സസ്യ ജാതികൾക്ക് ഔഷധ ഗുണമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1096 എണ്ണം തനത് സസ്യങ്ങളും 74 എണ്ണം പുറമേ നിന്നും വന്നതുമാണ്.
- കേരളത്തിലെ ഔഷധ സസ്യങ്ങൾ , ഉപയോഗം എന്നിവയെക്കുറിച്ച് (രേഖാചിത്രമുൾപ്പെടെ) ആധികാരികമായി ഡച്ച് ഭാഷയിൽ എഴുതപ്പെട്ട ഗ്രന്ഥമാണ് ഹോർത്തൂസ് മലബാറിക്കസ്. 1678–1783 കാലഘട്ടത്തിൽ 12 വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചു. 742 സസ്യജാതികളെക്കുറിച്ച് വിവരണം നല്കിയിട്ടുണ്ട്. ഇതിൽ 539 എണ്ണം ഔഷധ സസ്യങ്ങളാണ്.
- ആയുഷ് ചികിത്സാരീതികളിൽ 2159–ഓളം ഔഷധ സസ്യങ്ങളാണ് ഉപയോഗിക്കുന്നത്.
- ഇന്ത്യയിൽ 10000–ന് മുകളിൽ ഔഷധ സസ്യങ്ങൾ ആദിവാസി/പരമ്പരാഗത /നാട്ടറിവുമായി ബന്ധപ്പെട്ട് ഉപയോഗത്തിലുണ്ട്. കേരളത്തിൽ ഇത് 1000–ലധികം വരും.
- കോവിഡ്–19 എന്ന മഹാമാരി വൈദ്യ ശാസ്ത്രങ്ങളെ വെല്ല് വിളിച്ച് മുന്നേറുകയാണ്. രോഗ പ്രതിരോധക മരുന്നുകൾ, വൈറസ്സിനെതിരെ പൊരുതാൻ കഴിയുന്ന വാക്സിൻ എന്നിവ കണ്ടെത്താനുള്ള പഠനങ്ങൾ ലോകമെമ്പാടും പുരോഗമിച്ച് കൊണ്ടിരിക്കുന്നു.
- മഹാജൈവവൈവിധ്യ (Mega biodiversity) പട്ടികയിൽ ഇടം നേടിയ നമ്മുടെ രാജ്യം ഔഷധ സസ്യ വൈവിധ്യത്താലും, അതുമായി ബന്ധപ്പെട്ട പരമ്പരാഗത/നാട്ടറിവുകളാലും (Traditional knowledge), വംശീയ വൈദ്യ വിജ്ഞാന (Ethno medical knowledge) ത്താലും സമ്പന്നമാണ്.
- ഈ രംഗത്ത് വിവിധ ശാസ്ത്ര സാങ്കേതിക മേഖലകളെ സമന്വയിപ്പിച്ചുകൊണ്ട് സംയോജിതവും, സമഗ്രവുമായ ഗവേഷണം അനിവാര്യമാണ്.
- ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിനോടൊപ്പം, ഗുണമേന്മ നിലനിർത്താൻ കഴിയുന്നവയെ കൃഷിയിടങ്ങളിലേക്ക് കൊണ്ട് വരേണ്ടിയിരിക്കുന്നു. അതിലൂടെ പകർച്ചവ്യാധികൾ–(Communicable diseases), പകർച്ചവ്യാധികളല്ലാത്ത (Non-communicable diseases) രോഗങ്ങൾക്കും, കോവിഡ്–19 പോലുള്ള വൈറസ്സിനെതിരെ ഗവേഷണത്തിലൂടെ നൂതന ഔഷധങ്ങൾ കണ്ടെത്താനുള്ള ശാസ്ത്രീയ പഠനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു. ഈ പ്രക്രിയയിൽ വന്യ ഔഷധ സസ്യങ്ങൾക്കും അതുമായി ബന്ധപ്പെട്ട നാട്ടറിവുകൾക്കും ഏറെ പ്രാധാന്യമുണ്ട്.



**കദംബം** - *Neolamarckia cadamba* (Roxb.)



രോഗപ്രതിരോധനിര സജ്ജമാക്കാൻ
(Immuno boosting)

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

# രോഗപ്രതിരോധനിര സജ്ജമാക്കാൻ വന്യഔഷധ സസ്യങ്ങൾ

ആധുനിക വൈദ്യശാസ്ത്രത്തിലെ പല ജീവൻരക്ഷാ ഔഷധങ്ങൾ, മയക്കുമരുന്നുകൾ, വേദനാസംഹാരികൾ, മലേറിയ, ക്യാൻസർ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ കത്തെിയത് ഔഷധസസ്യങ്ങളിലും, സൂക്ഷ്മാണു ജീവികളിലും നടത്തിയ പഠനങ്ങളെ ആസ്പദമാക്കിയാണ്. രാസപഠനങ്ങൾ നടത്തി സംശ്ലേഷണം ചെയ്യാൻ സാധിച്ചതോടെ ഗുണമേൻമയുള്ള ആധുനിക ഔഷധങ്ങൾ കമ്പോളത്തിൽ വന്നു. അതിൽ ചിലതാണ്

*Salix alba* L. ആസ്പിരിൻ (Aspirin) – വേദനാസംഹാരി (Analgesic), പനി (fever)
*Taxus brevifolia* Nutt. – ടാക്സോൾ (Taxol) – ക്യാൻസർ (Anti cancer)
*Cinchona ledgeriana* (Howard) Bern.Moens ex Trimen
ക്വിനിൻ (Quinine) മലേറിയ( Anti malarial)
*Artemisia annua* L. - ആർട്ടിമിസിനിൻ (Artimisinin) – മലേറിയ (Anti malarial) തുടങ്ങിയവ

ഇത്തരം ഔഷധങ്ങളുടെ കണ്ടെത്തലിൽ അതുമായി ബന്ധപ്പെട്ട നാട്ടറിവുകൾ ഉണ്ടായിരുന്നുവെന്ന സവിശേഷത വിസ്മരിക്കാനാവില്ല. പ്രകൃതിയും മനുഷ്യനുമായുള്ള പരസ്പര ബന്ധമാണ് ഇത്തരം അറിവുകൾക്ക് ജൻമം നൽകാനിടയായത്. ഇപ്രകാരമാണ് വംശീയ ജീവ ശാസ്ത്ര വിജ്ഞാനം (Ethno biology), രൂപം കൊണ്ടത്. ഇതിന്റെ ഉപവിഭാഗങ്ങളാണ് വംശീയ വൈദ്യം/പരമ്പരാഗത നാട്ടറിവുകൾ (Ethno medicine/traditional knowledge), വംശീയ സസ്യ വിജ്ഞാനം (Ethno Botany,) വംശീയ ജന്തു വിജ്ഞാനം (Ethno Zoology), വംശീയ ദ്രവ്യ ഗുണ വിജ്ഞാനം. (Ethno pharmacology).

1987 മുതൽ 1992 വരെയാണ് കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ കീഴിൽ കേരളത്തിലെ ആദിവാസി വിഭാഗങ്ങൾക്കിടയിൽ വംശീയ ജീവശാസ്ത്ര പഠനം (Ethno biology) നടത്തിയത്. ഇതിലൂടെ 500–ഓളം ഒറ്റമരുന്നുകളും 250–ന് മുകളിൽ കൂട്ട് മരുന്നുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം അറിവുകളുടെ പ്രാധാന്യം കണക്കിലെടുത്ത് രോഗ പ്രതിരോധക നിര സജ്ജമാക്കാൻ പോന്ന ഔഷധ സസ്യങ്ങളെ തെരഞ്ഞെടുത്ത് ശാസ്ത്രീയ പഠനങ്ങൾ നടത്തി നൂതന ഔഷധങ്ങൾ കണ്ടെത്താനുള്ള ശ്രമത്തിനാണ് പ്രാമുഖ്യം നൽകേണ്ടത്. ഇത് സാധ്യമാക്കാൻ വിഭിന്ന ശാസ്ത്ര മേഖലകളിലെ വിദഗ്ധൻമാരുടെ സഹകരണത്തോടെ പ്രീ ക്ലിനിക്കൽ, ക്ലിനി ക്കൽതല പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഇതിലൂടെ സാധരണക്കാരന് എളുപ്പം ലഭ്യമാക്കാൻ കഴിയുന്നതും (Accessible), താങ്ങാൻ (Affordable) പറ്റുന്ന രീതിയിലുള്ള ആധുനീക ഔഷധങ്ങളും ഗുണമേൻമയുള്ള നൂനത ആയുർവേദ ഔഷധങ്ങളും, ഹെർബൽ ഡ്രഗ്സ്, ന്യൂട്രാസ്യൂട്ടിക്കൽസ് തുടങ്ങിയവ വികസിപ്പിച്ചെടുത്ത് വിപണിയിൽ എത്തിച്ചാൽ നമ്മുടെ ആരോഗ്യ സാമ്പത്തിക സുരക്ഷ മെച്ചപ്പെട്ടതാക്കാം. ഇവിടെ തികച്ചും വന്യമായിട്ടുള്ളതും (Wild), അധികമാത്ര യിൽ ഉപയോഗിക്കാത്തതും (Under utilized), അല്ലെങ്കിൽ അധികം അറിയ പ്പെടാത്തതുമായ (Lesser known) ധാരാളം ഔഷധ സസ്യങ്ങൾ നമുക്കുണ്ട്. ഇതിൽ ചിലതിനെ പരിചയപ്പെടാം.

### വിവിരദയകർ







# ഇലവൻ

## (*Pellionia heyneana* Wedd.)

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, ബലവർധകം**

നിത്യഹരിത വനങ്ങളിലും, ഉഷ്ണമേഖല മഴക്കാടുകളിലും കാണം. കാടുകളിൽ ഉയർന്ന കുന്നിൻചെരിവുകളിലാണ് സാധാരണ കാണുന്നത്. പശ്ചിമഘട്ടത്തിലും കമ്പോഡിയ, തായ്‌ലാൻഡ്, ചൈന എന്നീ രാജ്യങ്ങളിലും വളരുന്നു.



നിലമ്പൂർ കാട്ടിലെ ചോലനായ്ക്കൻമാർ ഇളവനെന്ന് വിളിക്കുമ്പോൾ. അച്ചൻകോവിലിലെ മലൈപണ്ടാരങ്ങൾ ചക്ലിപ്പൻ എന്ന് പറയും. നിലംപറ്റി എന്നും പേരുണ്ട്. നിലത്ത് പറ്റി തണ്ടുകൾ മുകളിലേയ്ക്ക് ഉയർന്ന  വളരുന്ന ഇളവന്റെ ഔഷധ ഗുണം ആദ്യമായി രേഖപ്പെടുത്തുന്നത് നിലമ്പൂർ കാടുകളിലെ ചോല നായ്ക്കൻമാരിൽ നിന്നാണ്. കുട്ടികൾക്ക് ഇലച്ചാറ് നൽകിയാൽ ഭാവിയിൽ രോഗങ്ങൾ വരില്ലത്രെ. ഇത് കുപ്പമല കണിയാന്റെ അറിവാണ്.



| | | |
|---|---|---|
| **സസ്യനാമം** | : | *Pellionia heyneana* Wedd.) |
| **സസ്യകുടുംബം** | : | Urticaceae |
| **സ്ഥാനീയനാമം** | : | **ഇളവൻ (ചോലനായ്ക്കൻ),**<br>**ചക്ലിപ്പൻ (മലൈപണ്ടാരം )**<br>**നിലംപറ്റി** |
| **വിവിരദയകർ/ദായകൻ** | : | **കുപ്പമലകണിയാൻ** |
| **ഉപയോഗഭാഗം** | : | **ഇല, സമൂലം** |




**രൂപവിവരണം**

കട്ടിയുള്ള നീണ്ട തണ്ടിന് 15 മുതൽ 25 സെ.മീ വരെ നീളമുണ്ട്.  നിലത്ത് പറ്റി വളരുന്ന വളഞ്ഞ തണ്ടുകൾ ഉയർന്ന ശാഖകളായി നിൽക്കുന്നു.  ചെറിയ കുറ്റിച്ചെടിയാണ് (Sub shrub). പൂക്കൾക്ക് അടഞ്ഞ വെളുത്ത നിറമോ ഇളം റോസ് നിറമോ ആയിരിക്കും. പൂക്കൾ എപ്പോഴും കാണാം. പച്ചക്കാടുകളിൽ വളരുന്ന ഇളവന് പല വിഭേദങ്ങൾ/ഇനങ്ങൾ കാണാം. ജൻമദേശം ഇന്ത്യയും ശ്രീലങ്കയുമാണ്.

**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**

- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting)
- കരൾ സംരക്ഷണം (Hepato protective)
- ആന്റി ഓക്സീകരണം (Anti-oxidant)
- ബലവർധകം (Stamina booster)

# അമൃതപാല

*Decalepis arayalpathra* (J.Joseph & V.Chandras.) Venter

(Janakia arayalpathra J. Joseph & Chandras)

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, ക്യാൻസർ**

പശ്ചിമഘട്ടത്തിന്റെ ദക്ഷിണഭാഗത്ത് കേരളത്തിലെ വനാന്തരങ്ങളിൽ കാണപ്പെടുന്നു. 1978-ലാണ് സസ്യ ശാസ്ത്രജ്ഞൻമാർ അമൃതപാലയെ കണ്ടെത്തിയത്. ഔഷധഗുണം രേഖപ്പെടുത്തിയത് 1988-ലാണ്.



കാണിക്കാരുടെ സഹായത്തോടെയാണ് ഈ അപൂർവ്വ ഔഷധ സസ്യത്തിന്റെ ഉറവിടവും ഉപയോഗവും കണ്ടെത്തിയത്. കല്ലാറിലെ സർക്കാർ കുന്നിലെ മലയിടുക്കുകളിൽ ഒരു പ്രത്യേക ആവാസ വ്യവസ്ഥയിൽ വളരുന്നു. ഇലയുടെ ഞെട്ട് ഒടിച്ചാൽ പാല് പോലുള്ള കറ ഒഴുകി വരും. കിഴങ്ങിന് നല്ല മണമുണ്ട്. പത്മശ്രീ അവാർഡി ലക്ഷ്മികുട്ടിയാണ് ഔഷധ ഗുണം ആദ്യമായി പറഞ്ഞ് തന്നത്. വംശീയ സസ്യ വിജ്ഞാന (Ethno botaony,) ത്തിന്റെ മാതാവായ ജാനകിയമ്മാൾ എന്ന സസ്യ ശാസ്ത്രജ്ഞയുടെ ഓർമ്മയ്ക്കായി അവരുടെ ശിഷ്യൻമാർ ഈ ചെടിക്ക് ജാനകീയ അരയാൽ പത്ര എന്ന പേര് നൽകി. വംശ നാശഭീഷണി നേരിടുന്ന സസ്യമാണ്. നല്ല മണമുള്ള കിഴങ്ങ് ഭക്ഷണമായും ഔഷധമായും ഉപയോഗിക്കുന്നു. കുടൽപ്പുണ്ണിനും, ക്യാൻസർ പോലുള്ള രോഗങ്ങൾക്കും മരുന്ന് എന്നാണ് നാട്ടറിവ്.


ജാനകിയമ്മാൾ


ലക്ഷ്മികുട്ടി

| | | |
|---|---|---|
| **സസ്യനാമം** | : | *Decalepis arayalpathra* (J.Joseph & V.Chandras.) Venter<br>Janakia arayalpathra J. Joseph & Chandras) |
| **സസ്യകുടുംബം** | : | Apocynaceae |
| **സ്ഥാനീയനാമം** | : | **അമൃതപാല** |
| **വിവിരദയകർ/ ദായകൻ** | : | **ലക്ഷ്മികുട്ടി, മൊട്ടമൂട്** |
| **ഉപയോഗഭാഗം** | : | **കിഴങ്ങ്, ഇല, പാലുപോലുള്ള കറ** |

**രൂപവിവരണം**

ഇല അരയാലിന്റെ ആകൃതിയിലുള്ളതും, തണ്ടിനും, ഞെട്ടിനും തരുണാവസ്ഥയിൽ പച്ചകലർന്ന മഞ്ഞനിറവും, പൂർണ്ണ വളർച്ചയെത്തുമ്പോൾ ഞെട്ട് ചുവപ്പ് നിറവുമാകുന്നു. കുറ്റിച്ചെടി (undershrub) യാണ്. ആരോഗ്യമുള്ള ഒരു ചെടിയുടെ മൂട്ടിൽ നിന്ന് 5 കിലോഗ്രാം വരെ കിഴങ്ങ് ലഭിക്കും. ഒരു കിഴങ്ങിന് ഏകദേശം 30 സെ.മീ വരെ നീളമുണ്ടാകും. പൂവ് ചെറുതും, ഇളം മഞ്ഞനിറമുള്ളതാണ്.

**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**

- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting)



- ബല വർധകം (Stamina booster)
- ഊർജ്ജവും ഉൻമേഷവും നൽകുന്നു.
- ശരീരപുഷ്ടിയെ പ്രദാനം ചെയ്യുന്നു.
- ക്യാൻസർ മുഴകൾക്ക് (Anti tumor)
- കുടൽ വ്യണം (Peptic ulcer)
- ക്ഷീണമകറ്റാൻ (Anti fatigue)

# പച്ചച്ചെടി

(***Neurocalyx calycinus*** (R.Br. ex Benn.) Rob.)

ഉഷ്ണമേഖലാപ്രാന്തങ്ങളിലെ നനവാർന്ന നിത്യഹരിതവനങ്ങളിൽ കാണാം

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, മുറിവുണക്കാൻ**



പച്ചച്ചെടിയുടെ ഔഷധ ഗുണം സ്വന്തം ശരീരത്തിൽ പരീക്ഷിച്ച അനുഭവം പങ്കിട്ടത് കുപ്പമലകണിയാനാണ്. നിലമ്പൂരിലെ ഉൾക്കാടുകളിൽ വളരുന്ന പച്ചച്ചെടിയുടെ കാട്ടറിവ് ആദ്യമായി ട്ടാണ് രേഖപ്പെടുത്തിയത് 1989 ലാണ്.

സ്വന്തം നെഞ്ചിൽ കടിച്ച കരടിയെ അന്ത്യത്തിൽ വകവരുത്തി യെങ്കിലും, നെഞ്ചിലെ മാംസം കടിച്ചു പറിച്ചെടുത്ത നിലയിൽ രക്തം വാർന്നൊഴുകി. രക്തം നിൽക്കാൻ, കടിച്ച മുറിവുണ ക്കാൻ പച്ചച്ചെടി അരച്ച് പുരട്ടുകയായിരുന്നു.

| | | |
|---|---|---|
| **സസ്യനാമം** | : | *Neurocalyx calycinus* (R.Br. ex Benn.) Rob |
| **സസ്യകുടുംബം** | : | Rubiaceae |
| **സ്ഥാനീയനാമം** | : | **പച്ചച്ചെടി** |
| **വിവിരദയകർ/ ദായകൻ** | : | **കുപ്പമലകണിയാൻ** |
| **ഉപയോഗഭാഗം** | : | **ഇല, വേര്** |

**രൂപവിവരണം**

പശ്ചിമഘട്ടത്തിൽ കാണുന്ന ദേശ്യജാതി (Endemic) സസ്യമാണ്. കട്ടിയായ (woody) തണ്ടുകളുള്ള കുറ്റിച്ചെടിയാണ്. പൂവിടുന്നത് ജൂലായ്-ഒക്ടോബർ മാസങ്ങളിൽ. പൂവിന് വെളുത്ത നിറമാണ്. 38 മുതൽ 50 സെ.മീ വരെ ഉയരത്തിൽ നദിയോരങ്ങളിലെ പാറയിടുക്കുകളിലാണ് സാധാരണയായി കാണുന്നത്.

**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**

- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting).
- മുറിവുണക്കാൻ (Wound healing)
- വേദനാസംഹാരി (Analgesic)
- നീരിനെവിലയിപ്പിക്കും (Anti inflammatory)
- ആന്റി ഓക്സീകരണം (Antioxidant)






# കയട്ടി (കഴഞ്ചി)

## *Caesalpinia bonduc* (L.) Roxb.

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, സൂക്ഷ്മാണു നാശക ഗുണം**

ഉഷ്ണമേഖലാകാടുകളിലും, സമതലങ്ങളിലും വന്യമായി കാണാം. ശ്രീലങ്ക, മ്യാൻമാർ, ദക്ഷിണഭാരതം, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ വളരുന്നു. 750 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളിൽ കാണാം.



അച്ചൻകോവിൽ വനാന്തരങ്ങളിലെ മലൈപണ്ടാരം ആദിവാസി സമുദായത്തിലെ രാമർ പറഞ്ഞ് തന്ന നാട്ടറിവ് ഇപ്രകാരമാണ്. ഇതിന്റെ കുരുവിട്ട് വെള്ളം തിളപ്പിച്ച് കുടിച്ചാൽ പനി മാറും. കൃമി നാശകം. ദഹന ശക്തി വർദ്ധിപ്പിക്കും. വയറ് വേദന മാറും. നീര് വേദന മാറികിട്ടും. ഊർജ്ജവും, ഉൻമേഷവും നൽകും. കയട്ടിയിലയുടെ നീര്, നെല്ലിക്ക നീരും ചേർത്ത് കഴിക്കുന്നത് മസൂരി രോഗശമനമാണ്.



**സസ്യനാമം** : *Cesalpinia bonduc*
**സസ്യകുടുംബം** : *Caesalpinioideae*
**സ്ഥാനീയനാമം** : **കയട്ടി**
**വിവിരദയകർ/**
**ദായകൻ** : **രാമർ (മലൈപണ്ടാരം)**
**ഉപയോഗഭാഗം** : **കുരു,** (seed ) **ഇല**




**രൂപവിവരണം**

കുറ്റിച്ചെടിയായോ, ദാരു ആരോഹിയായോ (Woody climber) വളരുന്നു. കൂർത്ത ശക്തിയുള്ള മുള്ളുകളുണ്ട്. ഇല കൾ ഏകാന്തരമായി വിന്യസിച്ചിരിക്കുന്നു. ദ്വിപിച്ഛക സംയു ക്തം. പൂക്കൾക്ക് മഞ്ഞ നിറം. ഫല കവചത്തിന്റെ ഉപരിഭാഗം രോമിലമാണ്. വിത്തുകൾ കട്ടിയുള്ളതും ചാരനിറത്തോടുകൂടി യതുമാണ്. പൂക്കാലം സെപ്റ്റംബറിൽ. ജനുവരിയിൽ ഫലം പാകമാകും



**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**

- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting)
- ബലവർധകം (Stamina booster)
- കരൾ സംരക്ഷണം (Hepato protective)
- തർപ്പണ ഗുണം (Adaptogenic/Stablization of physiological processes)
- സൂക്ഷ്മാണു നാശക ഗുണം (Anti micromicrobial)
- മലമ്പനി (Anti malarial)
- പ്രമേഹം (Anti diabetic)

# കുന്നി

*Abrus precatorius*L.

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, മലമ്പനി**

ഏഷ്യൻ പ്രാന്തങ്ങളിലും ആസ്ട്രേലിയയിലും കാണുന്നു. ഇന്ത്യയിലുടനീളവും, കേരളത്തിലെ വനാന്തരങ്ങളിലും വളരുന്നു.



1000 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളിൽ കാണുന്ന ദാരു ആരോഹി (Woody climber). ഇലകൾക്ക് മധുരരസമുണ്ട്. ഇരട്ടി മധുര (*Glycyrrhiza glabra* L) ത്തിന്റെ വേരിൽ അടങ്ങിയിട്ടുള്ള ഒരു പ്രധാന രാസഘടകമായ (Glycyrrizin) കുന്നിയുടെ വേരിലും കാണുന്നു. സമാനഗുണമുള്ളതിനാൽ കേരളത്തിൽ പണ്ട് കാലം മുതൽക്കേ ഇരട്ടി മധുരത്തിന് പകരം കുന്നിയുടെ വേര് ഉപയോഗിക്കുന്നു. ചുമയ്ക്ക് ഇല വായിലിട്ട് ചവയ്ക്കുന്നത് നല്ലതാണ്. തലയിൽ വട്ടത്തിൽ മുടി കൊഴിയുന്നതിന് കുന്നി കുരു അരച്ച് പുരട്ടാമെന്നതാണ് നാട്ടറിവ്. കുരുവിൽ വിഷാംശം ഉണ്ട്. കാടി വെള്ളത്തിലോ പശുവിൻ പാലിലോ 3 മണിക്കൂർ ആവി കൊള്ളിച്ചാൽ വിഷാംശം മാറി കിട്ടും.





**സസ്യനാമം** : *Abrus precatorius*L.
**സസ്യകുടുംബം** : Fabaceae
**സ്ഥാനീയനാമം** : **കുന്നി**
**വിവിരദയകർ/**
**ദായകൻ** : **കാണിക്കാർ**
**ഉപയോഗഭാഗം** : **ഇല, വേര്, കുരു** (Seed)



**രൂപവിവരണം**

ഉറപ്പുള്ള നേർത്ത തണ്ടുകളോടുകൂടിയ വള്ളിച്ചെടിയാണ്. ഇലകൾ സമപിച്ഛക സംയുക്തം. 10 മുതൽ 20 വരെ ജോഡിയിലകൾ സമ്മുഖമായി വിന്യസിച്ചിരിക്കുന്നു. പൂങ്കുലയ്ക്ക് 10 സെ.മീ നീളമുണ്ട്. പൂക്കൾ ചെറുതും നിറം വെള്ളയോ ഇളം ചുവപ്പോ ആകാം. കുന്നിക്കുരു നാല് വിഭിന്ന നിറങ്ങളിലുണ്ട്.

**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**

- വൈറസ്സ് (Anti viral)
- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting)
- മലമ്പനി (Anti malarial)
- നീരിനെ വിലയിപ്പിക്കും (Anti inflammatory)
- പ്രമേഹം (Anti diabetic)
- ആന്റി ഓക്സീകരണം (Antioxidant)
- ത്വക്ക് രോഗങ്ങൾക്ക് (Skin diseases)



# കടുക്ക

## *Terminalia chebula* Retz

ഇന്ത്യയിൽ എല്ലായിടത്തും കാണുന്നു. പ്രത്യേകിച്ച് കേരളം, ഹിമാലയം, പഞ്ചാബ്, മധ്യപ്രദേശ്, ബംഗാൾ, ദക്ഷിണേന്ത്യ എന്നിവിടങ്ങളിൽ.

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, ബലവർധകം**



വൈവിധ്യമാർന്ന ഔഷധഗുണങ്ങളാൽ സമ്പന്നമാണ് കടുക്ക. ഒരു സർവ്വരോഗ നിവാരിണി എന്ന അർത്ഥത്തിൽ രോഗികൾക്ക് അഭയം നൽകുന്നതിനാൽ ആയുർവേദത്തിൽ 'അഭയ' എന്ന് വിളിക്കുന്നു. വിരേചനമുണ്ടാക്കുന്നു. ദഹന ശക്തി വർദ്ധിപ്പിക്കും, ദുർമേദസ്സ് വിലയിപ്പിക്കും, കണ്ണിന് ഹിതകരം, രുചിയുണ്ടാക്കുന്നു. കടുക്ക ഭക്ഷണമായും, ഔഷധമായും ഉപയോഗിക്കുന്നു. കേരളത്തിലെ കാടുകളിൽ വലിയ വൃക്ഷങ്ങളുടെ പട്ടികയിൽ കടുക്കയുണ്ട്. കുരുവിന്റെ വലിപ്പം, ആകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേകം പേരുകളിൽ അറിയപ്പെടുന്നു.



| | | |
|---|---|---|
| **സസ്യനാമം** | : | *Terminalia chebula* Retz |
| **സസ്യകുടുംബം** | : | Combretaceae |
| **സ്ഥാനീയനാമം** | : | **കടുക്ക** |
| **വിവിരദയകർ/ ദായകൻ** | : | **ഇരുളർ** |
| **ഉപയോഗഭാഗം** | : | **തോട്, കുരു, പട്ട, ഇല** ( Fruit rind,Seed,Bark, leaves) |



**രൂപവിവരണം**

15 മുതൽ 20 മീറ്റർ വരെ ഉയരത്തിൽ ശാഖോപശാഖകളായി വളരുന്നു. മഞ്ഞുകാലത്തും, വേനൽക്കാലത്തും ഇലപൊഴിക്കും. ഇലകൾ സമ്മുഖമായി വിന്യസിച്ചിരിക്കുന്നു. ഇലകളുടെ ഉപരിതലം മിനുസമുള്ളതും രോമിലവുമാണ്. ഇലകളുടെ അടിഭാഗത്ത് ഗ്രന്ഥികളുണ്ട്. പൂങ്കുല ശാഖാഗ്രങ്ങളിൽ കാണുന്നു. പൂവുകൾ മങ്ങിയ വെള്ളനിറത്തോട് കൂടിയതാണ്.



**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**

- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting)
- ആന്റി ഓക്സീകരണഗുണം (Anti oxidant)
- നീരിനെ വിലയിപ്പിക്കും (Anti inflammatory)
- യൗവ്വനം നിലനിർത്തുന്നു. (Slowdown the aging process)
- ബലവർധകം (Stamina booster)
- കാൻസർ മുഴ (Anti tumour)
- മൂത്രളം (Diuretic)
- വൈറസ്സ് (Anti viral)
- കരൾ സംരക്ഷണം (Hepato protective)
- പ്രമേഹം (Anti diabetic)

# മലയകത്തി

*Bauhinia variegata* L.

ദക്ഷിണ കേരളത്തിലെ കാടുകളിലും, നദിയോരങ്ങളിലും, വരണ്ട ഇലകൊഴിയും വനങ്ങളിലും, പാറക്കെട്ടുള്ള കുന്നുകളിലും കാണാം. ഇന്ത്യയിലും, ചൈനയിലും വളരുന്നു.

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, കാൻസർ**



കേരളത്തിലെ കാടുകളിൽ സുലഭമായി വളരുന്നു. ഇടത്തരം വൃക്ഷം. ഗ്രന്ഥിരോഗങ്ങൾക്ക് ഏറ്റവും ഫലപ്രദമായ ഔഷധം. വിഷജന്തുക്കളുടെ കടിയേറ്റാൽ മറു മരുന്ന്, വൃണരോപണം, നീര് വിലയിപ്പിക്കും. ത്വക്ക് രോഗങ്ങൾ, ചുമ, ആർത്തവ സംബന്ധമായ അസുഖങ്ങൾക്കും ശമനമുണ്ടാക്കും. ഇലവാട്ടി പിഴിഞ്ഞ നീര് തീപൊള്ളലിന് മരുന്നാണെന്നത് കുറുമ്പരുടെ നാട്ടറിവ്.



**സസ്യനാമം** : *Bauhinia variegata* L.
**സസ്യകുടുംബം** : Fabaceae
**സ്ഥാനീയനാമം** : **മലയകത്തി, ചുമന്ന മന്ദാരം**
**വിവിരദയകർ/ ദായകൻ** : **കുറുമ്പർ, കാണിക്കാർ**
**ഉപയോഗഭാഗം** : **പട്ട,** (Stem bark) **പൂവ്,വേര്**



**രൂപവിവരണം**

8 മീറ്റർ വരെ ഉയരത്തിൽ വളരുന്നു. തൊലിക്ക് ചാരനിറം. ഇലകൾ ഏകാന്തരത്തിൽ വിന്യസിച്ചിരിക്കുന്നു. 8 മുതൽ 10 സെ.മീ നീളം. അഗ്രഭാഗം ആഴത്തിൽ രണ്ടായി പിളർന്നിരിക്കുന്നു. പൂക്കൾക്ക് ചുമപ്പ് നിറമോ, റോസ് കലർന്ന പർപ്പിൾ നിറമോ ആയിരിക്കും. നേരിയ സുഗന്ധമുണ്ട്. പത്രകക്ഷത്തിലും, ശിഖരതലപ്പിലും പൂക്കൾ ഉണ്ടാകുന്നു.



ആയുർവേദത്തിൽ, ഗ്രന്ഥികളിലുണ്ടാകുന്ന വീക്കം, മുഴകൾ, ഗണ്ഡമാല (Goiter) തൈറോയിഡുമായി ബന്ധപ്പെട്ട രോഗങ്ങളിലും ഉപയോഗിക്കുന്നു.

**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**

- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting)
- ആന്റി ഓക്സീകരണം (Anti oxidant)
- കാൻസർ (Anti Cancer)
- അധികരിച്ച കൊളസ്ട്രോളിന് (Hypolipidemic)
- കരൾ സംരക്ഷണം (Hepato protective)
- നീരിനെ വിലയിപ്പിക്കും (Anti inflammatory)
- വൃക്ക സംരക്ഷണം (Nephrotic protection)
- കുടൽവ്യണം (Anti ulcer)
- മുറിവ് ഉണക്കാൻ (Wound healing)

# കാട്ട് പൂരൻകൊടി

*Andrographis elongata* (Vahl) T.Anderson

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, പ്രമേഹം**

പശ്ചിമഘട്ടത്തിലും, കിഴക്കൻ ഘട്ടത്തിലെ പച്ചമലൈ ഹിൽസിലും, വിശാഖപട്ടണം, ചിറ്റൂർ, കൊള്ളി ഹിൽസിലും കാണുന്നു.



കാട്ട് കിര്യാത്ത് എന്നും പേരുണ്ട്. വിറയലോടു കൂടിയ പനിക്ക് മരുന്നാണെന്ന് അച്ചൻകോവിലിലെ മലൈപണ്ടാരങ്ങളുടെ നാട്ടറിവ്. നല്ല കയ്പ് രസമാണ്. തേൾവിഷത്തിനും, പാമ്പിൻ വിഷത്തിനും മരുന്നായി ഉപയോഗിക്കുന്നു.



**സസ്യനാമം** : *Andrographis elongata* (Vahl) T.Anderson
**സസ്യകുടുംബം** : Acanthaceae
**സ്ഥാനീയനാമം** : **കാട്ടുപൂരൻകൊടി, കാട്ടുകിര്യാത്ത്**
**വിവിരദയകർ/ ദായകൻ** : **മലൈപണ്ടാരം**
**ഉപയോഗഭാഗം** : **സമൂലം, ഇല, അരി**

**രൂപവിവരണം**

2 മീറ്റർ വരെ ഉയരത്തിൽ വളരുന്നു. തണ്ട് കട്ടിയുള്ളതും ഇലകൾ സമ്മുഖമായി വിന്യസിച്ചിരിക്കുന്നു.

**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**

- പനി (Anti pyretic)
- പ്രമേഹം (Anti dabetic)
- സൂക്ഷ്മാണുനാശകം (Anti microbial)
- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting)
- ആന്റി ഓക്സീകരണം (Anti oxidant)
- കരൾ സംരക്ഷണം (Hepato protective)
- കാൻസർ (Anti cancer)
- വൈറസ് (Anti viral)
- മഞ്ഞപിത്തം (Anti hepatitis)
- പാമ്പിൻ വിഷം


മലൈപണ്ടാരം

# സമുദ്രപച്ച

*Argyreia speciosa* (L. f.) Sweet

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, കരൾ സംരക്ഷണം**

സമുദ്രനിരപ്പിൽ നിന്ന് 500 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളിൽ കുവരുന്നു.കാടുകളിലും, നദിയോരങ്ങളിലും ചതുപ്പിലും കാണാം. ശ്രീലങ്ക, ഇന്ത്യ, ബർമ്മ, ചൈന എന്നീരാജ്യങ്ങളിലും വളരുന്നു.



യൗവ്വനം നിലനിർത്തുന്നു. (Slow down the aging process) ആയൂർവേദത്തിൽ വൃദ്ധദാരു എന്ന് പേര്. രസായനഗുണമുണ്ട്. ധാതുപുഷ്ടി ഉണ്ടാക്കുന്നു. ആമവാതത്തിന് മരുന്നാണ്



| | | |
|---|---|---|
| **സസ്യനാമം** | : | *Argyreia speciosa* (L. f.) Sweet |
| **സസ്യകുടുംബം** | : | Convolvulaceae |
| **സ്ഥാനീയനാമം** | : | **സമുദ്രപ്പച്ച** |
| **വിവിരദയകർ/ ദായകൻ** | : | **മുതുവാൻ** |
| **ഉപയോഗഭാഗം** | : | **വേര്** |

**രൂപവിവരണം**



വളരെ ഉയരത്തിൽ ചുറ്റിവളരുന്ന ഒരു ദാരു ആരോഹിയാണ് (Woody climber) ബലമുള്ള വള്ളിയാണ്. ഹൃദയാകാരമുള്ള ഇലകളുടെ അഗ്രം കൂർത്തിരിക്കും. ഏകാന്തരക്രമത്തിൽ വിന്യ സിച്ചിരിക്കുന്നു. ഇലകളുടെ മുകൾഭാഗം മിനുസമുള്ളതും, ഇരുണ്ടു പച്ചനിറമുള്ളതുമാണ്. പൂക്കൾ പത്രകക്ഷത്തിൽ നിന്നുണ്ടാകുന്നു. പൂവിന് പിങ്ക് നിറമോ, നീലലോഹിത വർണ്ണമോ ആയിരിക്കും

**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**



പ്രത്യുല്പാദനവ്യവസ്ഥയെ പരിപോഷിപ്പിക്കും (Conditioning the reproductive system), ബലവർധകം (Stamina booster)

- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting)
- ഉത്കണ്ഠ (Anti anxiety)
- നീരിനെ വിലയിപ്പിക്കും (Anti inflammatory)
- വൃണരോപണം (Ulcerative wound)
- കരൾ സംരക്ഷണം (Hepato protective)
- ആന്റി ഓക്സീകരണം (Anti oxidant)
- പ്രമേഹം (Anti diabetic)
- വൈറസ്സ് (Anti viral)
- സൂക്ഷ്മാണുനാശനം (Anti bacterial)
- അലർജി (Anti allergic)
- ദഹനശക്തി കൂട്ടും, തൊലിക്ക് മിനുസവും, നിറവും കൂട്ടും.

# വലിയ അരയൻ (വലിയ ഗരുഡക്കൊടി)

*Aristolochia tagala* Cham.

കേരളത്തിലെ വനാന്തരങ്ങളിൽ കാണാം. ഇന്ത്യ, മലേഷ്യ, ചൈന, ആസ്ത്രേലിയ, എന്നിവിടങ്ങളിൽ വളരുന്നു.

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, കാൻസർ**



ആദിവാസികൾ പാമ്പിൻ വിഷത്തിന് ഒറ്റമൂലിയായി ഉപയോഗിക്കുന്നു. ചിത്രശലഭങ്ങൾക്ക് പ്രിയപ്പെട്ട സസ്യമാണ്. പനി, വ്യണങ്ങൾ, ത്വക്ക് രോഗങ്ങൾ എന്നിവയ്ക്ക് മരുന്നായി ഉപയോഗിക്കുന്നു.



| | | |
|---|---|---|
| **സസ്യനാമം** | : | *Aristolochia tagala* Cham. |
| **സസ്യകുടുംബം** | : | Aristolochiaceae |
| **സ്ഥാനീയനാമം** | : | **വലിയ അരയാൽ** |
| **വിവിരദയകർ/ ദായകൻ** | : | **നാരായണൻകാണി, പോട്ടമാവ്** |
| **ഉപയോഗഭാഗം** | : | **വേര്, ഇല** |

**രൂപവിവരണം**

ചുറ്റിപ്പടർന്ന് വളരുന്നു. ചെറിയ അരയന്റെ (*Aristolochia indica* L.) ഇലയെക്കാൾ വലുതും, കട്ടിയുള്ളതുമാണ് വേരിന് നല്ല മണമുണ്ട്. പച്ചയായിട്ടും ഉണക്കിയും ഉപയോഗിക്കും



**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**

- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting)
- കാൻസർ (Anti cancer)
- ആന്റി ഓക്സീകരണം (Anti oxidant)
- കാൻസർ മുഴകൾ (Anti tumor)
- പനി, തലവേദന, ത്വക്രോഗങ്ങൾക്ക് ഫലംപ്രദം


കാണിക്കാർ

# കരിമഞ്ഞൾ

*Zingiber nimmonii* (J.Graham) Dalzell

**രോഗപ്രതിരോധനിര സജ്ജമാക്കാൻ, ആന്റി വൈറൽ**

പശ്ചിമഘട്ടത്തിൽ കണ്ട് വരുന്ന ദേശ്യ ജാതി (Endemic) സസ്യമാണിത്. കേരളത്തിൽ അച്ചൻകോവിലിലെ ഉൾ വനാന്തരങ്ങളിൽ കാണാം.



കരിമഞ്ഞളിന്റെ മൂലകാണ്ഡം ചെറുതും, മാംസളവും, അകം നീലലോഹിതവർണ്ണവുമാണ്, സുഗന്ധമുള്ളതും പൂങ്കുലകൾ പത്രതലത്തോടു ചേർന്നും കാണപ്പെടുന്നു. തെക്കെഇന്ത്യയിലെ ദേശ്യ ജാതി സസ്യമായ കരിമഞ്ഞൾ കേരളത്തിലും, ഇലപൊഴിയും കാടുകളിലും കാണുന്നു. തണലിൽ വളരാനുള്ള കഴിവുണ്ട്. കൃഷിയിടങ്ങളിലേയ്ക്ക് കൊണ്ടു വരാനുള്ള പഠനങ്ങൾ നടത്തേണ്ടതാണ്.





| | | |
|---|---|---|
| **സസ്യനാമം** | : | *Zingiber nimmonii* (J.Graham) Dalzell |
| **സസ്യകുടുംബം** | : | Zingiberaceae |
| **സ്ഥാനീയനാമം** | : | **കരിമഞ്ഞൾ** |
| **വിവിരദയകർ/ ദായകൻ** | : | **മലൈപണ്ടാരം** |
| **ഉപയോഗഭാഗം** | : | **ഭൂകാണ്ഡം** (Rhizome) |

**രൂപവിവരണം**

ഇഞ്ചിയുടെ കടുംബം. ഇലയ്ക്ക് 50–90 സെ.മീ നീളമുണ്ട്. ഭൂകാണ്ഡത്തിൽ നിന്ന് നേരിട്ട് പൂവുകൾ ഉണ്ടാകുന്നു. പൂവിന് ഇളം മഞ്ഞ നിറവും ചുവന്ന കുത്തും കണാം. ജൂലൈ മുതൽ ഒക്ടോബർ വരെയാണ് പൂവിടുന്നതും കായ് പാകമാകുന്നതും. കാൻസർ രോഗശമനമെന്ന് നാട്ടറിവ്.

**ഔഷധഗുണങ്ങൾ ശാസ്ത്രപഠന നിരീക്ഷണങ്ങൾ**

- രോഗപ്രതിരോധനിര സജ്ജമാക്കാൻ (Immuno boosting)
- വൈറസ് (Anti viral)
- ആന്റി ഓക്സീകരണം (Anti oxidant)
- ഫ്രീ റാഡിക്കുകളെ നിർഹരിക്കുന്നു. (Free radical scavenging)
- കാൻസർ (Anti cancer)



മലൈപണ്ടാരം

## അടിക്കുറിപ്പ് (End note)

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഇതിനകം കേരളത്തിലെ 1034 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം എന്ന ബൃഹത് യജ്ഞം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനെ ഇപ്പോൾ ആസ്പദമാക്കിയുള്ള ഡേറ്റാബേയിസ് നിർമ്മാണം എൻ.ബി.എ, എൻ.ഐ.സി എന്നിവരുടെ നേതൃത്വത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

കോവിഡ്–19 പോലുള്ള മഹാമാരികളെ ചെറുക്കാൻ ഉതകുന്ന നൂതന ഔഷധങ്ങൾ കണ്ടെത്താൻ ജൈവവൈവിധ്യ രജിസ്റ്ററിലെ വൈവിധ്യമാർന്ന അറിവുകൾ നമുക്ക് പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഈ രംഗത്ത് ഇന്നും രേഖപ്പെടുത്താൻ കഴിയാതെ ഒട്ടേറേ നാട്ടറിവുകൾ മനസ്സിൽ സൂക്ഷിച്ച് മരിക്കുമ്പോൾ, കൂടെ കൊണ്ടുപോകുന്ന അവസ്ഥയുണ്ട്. ഇതിനൊരു നിയമപരമായ പരിഹാരമാണ് ജൈവവൈവിധ്യരജിസ്റ്റർ. ഇതിലൂടെ നാട്ടറിവുടമകളെ കണ്ടെത്താൻ, അവരുടെ മുൻകൂർ അനുമതിയോടെ (Prior Informed Consent) രേഖപ്പെടുത്തുന്ന അറിവുകൾ കൂടുതൽ പഠനങ്ങൾക്ക് വിധേയമാക്കുമ്പോൾ അതിൽ നിന്ന് ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും, നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ (Access and Benefit Sharing) നടപ്പിലാക്കാൻ സാധിക്കും.

കേരളത്തിലെ 36 ആദിവാസി സമുദായങ്ങളിലുമായി ഏകദേശം 5 ലക്ഷത്തിനുമുകളിൽ ആദിവാസികളുണ്ട്. അവരുടെയും മറ്റ് തദ്ദേശീയരുടേയും നാട്ടറിവ് വളരെ വിലപ്പെട്ടതും ഗവേഷണവിഷയമാക്കേതണ്ടുമാണ്. ഇവരുടെ സാമൂഹിക, സാമ്പത്തിക ആരോഗ്യ ചുറ്റുപാടുകൾ ഇനിയും കൂടുതൽ മെച്ചപ്പെടേതുണ്ട്. കുടാതെ അവരുടെ സമഗ്രമായ വളർച്ചയ്ക്കും, വികാസത്തിനും അനുയോജ്യമായ ജൈവവൈവിധ്യാധിഷ്ഠിതവും, അവർക്ക് സ്വീകാര്യമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനുള്ള ഒരു കർമ്മപരിപാടി (Action Plan) തയ്യാറാക്കാൻ ജൈവവൈവിധ്യബോർഡ് മുൻകൈ എടുക്കേണ്ടതുണ്ട്. ആദിവാസികൾക്കിടയിലെ ദാരിദ്ര്യമകറ്റാനും, രോഗനിവാരണത്തിനും, ആരോഗ്യ സംരക്ഷണത്തിനും ഉതകുന്ന രീതിയിൽ വേണം പദ്ധതികൾ വിഭാവനം ചെയ്യേണ്ടത്. കാടിന്റെ സംരക്ഷകരായ ആദിവാസികളുടെ, ഔഷധസസ്യങ്ങളുമായി ബന്ധപ്പെട്ട നാട്ടറിവുകൾ പലതും ഇതുവരെ പറയപ്പെട്ടിട്ടില്ലാത്തതും, അധികം ഗവേഷണവിഷയമാക്കിയിട്ടില്ലാത്തതുമാണ്. കോവിഡ്–19 പോലുള്ള പകർച്ചവ്യാധികളെ തടയാനും രോഗശമനത്തിനുമായുള്ള നൂതനഔഷധങ്ങൾ കണ്ടെത്താൻ ഇത്തരം അറിവുകൾ നല്ലരീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്.




**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

ISBN 978-81-934231-6-5